26888
16/12/17

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — കൊല്ലം ജില്ലയിലെ തൃക്കടവൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. റ്റി. ജോൺ, സീനിയർ ക്ലാർക്ക് ശ്രീമതി റ്റി. വീണ, ക്ലാർക്ക് ശ്രീമതി. സ്മിത കെ. എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി — തീർപ്പാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.4014/2017/തസ്വഭവ                    തീയതി, തിരുവനന്തപുരം 13.12.2017

---

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.02.2016-ലെ ഇ 2-(എസ് സി 54/2015/കൊല്ലം) 28606/2015 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 12.04.2016-ലെ 3807/ഡി3/2016/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 31.10.2016-ലെ ഇപിബി2/113/2016/തസ്വഭവ നമ്പർ കുറ്റപത്രം
4. കുറ്റപത്രത്തിന് തൃക്കടവൂർ ഗ്രാമപഞ്ചായത്ത് ക്ലാർക്ക് ശ്രീമതി. സ്മിത കെ, സീനിയർ ക്ലാർക്ക് ശ്രീമതി റ്റി. വീണ, മുൻ സെക്രട്ടറി ശ്രീ. റ്റി. ജോൺ എന്നിവർ യഥാക്രമം 05.12.2016, 08.12.2016, 03.01.2017 എന്നീ തീയതികളിൽ സമർപ്പിച്ച പ്രതിവാദ പത്രികകൾ
5. പഞ്ചായത്ത് ഡയറക്ടറുടെ 13.06.2017-ലെ ഡി6-38369/2016 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം തൃക്കടവൂർ വില്ലേജിൽ അനധികൃതമായി കെട്ടിടം നിർമ്മിച്ചതുമായി ബന്ധപ്പെട്ട അഴിമതി സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി പരാമർശം (1), (2) എന്നിവ പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. മിന്നൽ പരിശോധനയിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കണ്ടെത്തുകയുണ്ടായി.

1. കെട്ടിടം പുതുക്കിപ്പണിയുന്നതിന് പഞ്ചായത്തിൽ നിന്നും അനുമതി വാങ്ങിയതായി കാണുന്നില്ല.
2. കോസ്റ്റൽ സോൺ റെഗുലേഷൻ റൂൾസ് പ്രകാരം 100 മീറ്റർ അകലത്തിലേ പുതിയ കെട്ടിടം നിർമ്മിയ്ക്കാൻ പാടുള്ളുവെന്ന നിയമത്തിന് വിപരീതമായി 8 മീറ്റർ അകലത്തിൽ പുതിയ കെട്ടിടം നിർമ്മിച്ചു
3. വ്യവസായത്തിനുള്ള കെട്ടിടമായതിനാൽ കെ.പി.ബി.ആർ. 59 അനുസരിച്ചുള്ള നിയമം പാലിയ്ക്കപ്പെട്ടിട്ടില്ല.പൊല്യൂഷൻ കൺട്രോൾ ബോർഡ്, ആരോഗ്യ വകുപ്പ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, മറ്റ് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും എൻ.ഒ.സി. വാങ്ങിയിട്ടില്ല

അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിൽ വ്യവസായം തുടങ്ങുന്നതിന് നടപടികൾക്ക് വിരുദ്ധമായി ലൈസൻസ് കൊടുത്തതിനും, അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ നിയമ

നടപടികൾ സ്വീകരിക്കാതെ വീഴ്ച വരുത്തിയ തൃക്കടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്നയും ഇപ്പോൾ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജൂനിയർ സൂപ്രണ്ടായി ജോലി ചെയ്യുന്നതുമായ ശ്രീ. റ്റി. ജോൺ, തൃക്കടവൂർ ഗ്രാമപഞ്ചായത്ത് സീനിയർ ക്ലാർക്ക് ശ്രീമതി റ്റി. വീണ, ക്ലാർക്ക് ശ്രീമതി. സ്മിത കെ. എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ തൃക്കടവൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. റ്റി. ജോൺ, സീനിയർ ക്ലാർക്ക് ശ്രീമതി. റ്റി. വീണ, ക്ലാർക്ക് ശ്രീമതി. സ്മിത കെ. എന്നിവർക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ഉദ്യോഗസ്ഥർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

നിലവിൽ കൊല്ലം കോർപ്പറേഷന്റെ ഭാഗമായി മാറിയ തൃക്കടവൂർ ഗ്രാമപഞ്ചായത്തിലെ XI/507 നമ്പർ കെട്ടിടത്തിൽ എണ്ണ നിർമ്മാണത്തിനുള്ള ലൈസൻസ് ലഭിക്കുന്നതിന് കുടവൂർ പവിത്രാലയത്തിൽ, ശ്രീ. ജൂലിയസ്സ് ആംസ്ട്രോങ്ങ് 06.03.2015-ൽ അപേക്ഷ നൽകിയിരുന്നുവെന്നും അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ടി നമ്പരിലുള്ള ഓല മേഞ്ഞതും 8 മീറ്റർ നീളവും 6 മീറ്റർ വീതിയുള്ളതുമായ ഒറ്റമുറി ഷെഡ് അപേക്ഷകന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നുവെന്നും ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ തൃക്കടവൂർ ഗ്രാമപഞ്ചായത്തിലെ ഫീൽഡ് പരിശോധന നടത്തിയ ക്ലാർക്ക് ശ്രീമതി. സ്മിത കെ. തൃക്കടവൂർ ഗ്രാമപഞ്ചായത്തിൽ XI/507 നമ്പർ കെട്ടിടത്തിൽ അനാമിക ആയുർവേദിക് എന്ന പേരിൽ എണ്ണ നിർമ്മിക്കുന്ന സ്ഥാപനം നടത്തുന്നതായി അറിയാൻ കഴിഞ്ഞ വിവരം മേൽ നടപടിക്കായി സമർപ്പിക്കുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലൈസൻസ് സെക്ഷൻ കൈകാര്യം ചെയ്തിരുന്ന സീനിയർ ക്ലാർക്ക് ശ്രീമതി. വീണ റ്റി. ടി ഫീൽഡ് റിപ്പോർട്ടിന്മേൽ ലൈസൻസ് നൽകുന്നത് സംബന്ധിച്ച ഉത്തരവിനായി എന്ന് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ശ്രീ. ടി. ജോൺ ലൈസൻസ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതായും കാണുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫീൽഡിൽ പരിശോധിച്ചതിൽ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 48 ച.മീറ്റർ വിസ്തൃതിയുള്ള ഓലമേഞ്ഞ നിർമ്മിതിയുടെ സ്ഥാനത്ത് 325 ച.മീ. വിസ്തീർണ്ണമുള്ള പുതിയ കെട്ടിടം നിലനിൽക്കുന്നതായും CRZ പരിധിയിൽ വരുന്ന പ്രസ്തുത സ്ഥലത്ത് നിലവിലുണ്ടായിരുന്ന 48 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം പൊളിച്ചു മാറ്റിയശേഷം 325 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിച്ചത് സംബന്ധിച്ച യാതൊരു വിവരവും അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ലഭ്യമല്ലെന്നും കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടവും തീരദേശ പരിപാലന നിയമവും നിലവിൽ വരുന്നതിന് മുമ്പാണോ, ഫീൽഡ് പരിശോധനാ ഉദ്യോഗസ്ഥയായ ശ്രീമതി. സ്മിത. കെ റിപ്പോർട്ട്

തയ്യാറാക്കിയതിന് ശേഷമാണോ ഇത്തരത്തിലുള്ള വ്യതിയാനം വരുത്തിയിട്ടുള്ളതെന്നും അനുമാനിക്കാൻ കഴിയുന്നില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. ജൂലിയസ് ആംസ്റ്റോങ്ങ് എന്നയാൾക്ക് നൽകിയ ലൈസൻസ് 24.02.2016-ലെ നടപടിക്രമം പ്രകാരം തൃക്കടവൂർ സോണൽ ഓഫീസിലെ ചാർജ്ജ് ഓഫീസർ റദ്ദാക്കിയിട്ടുണ്ട് എന്ന വിവരവും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അനധികൃത നിർമ്മാണത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിലും അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിൽ വ്യവസായം തുടങ്ങുന്നതിനു ലൈസൻസ് അനുവദിച്ചതിലും ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി കാണുന്നു. ഈ സാഹചര്യത്തിൽ തൃക്കടവൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. റ്റി. ജോൺ, സീനിയർ ക്ലാർക്ക് ശ്രീമതി റ്റി. വീണ, ക്ലാർക്ക് ശ്രീമതി. സ്മിത എന്നീ ഉദ്യോഗസ്ഥരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. റ്റി. ജോൺ, മുൻ സെക്രട്ടറി, തൃക്കടവൂർ ഗ്രാമപഞ്ചായത്ത്
2. ശ്രീമതി. റ്റി. വീണ, സീനിയർ ക്ലാർക്ക്, തൃക്കടവൂർ ഗ്രാമപഞ്ചായത്ത്
3. ശ്രീമതി. സ്മിത കെ, ക്ലാർക്ക്, തൃക്കടവൂർ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
7. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
8. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
9. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/113/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

8/